# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1162 — 03.12.2015 ൽ മറുപടിക്ക്

### ഉച്ചഭക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി പ്രകാരം വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ അളവിലും പ്രയോജകരായ കുട്ടികളുടെ എണ്ണത്തിലും അന്തര മുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഏതാനും കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഏതാനും സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടാത്ത കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകിയതായിട്ട് ശ്രദ്ധയിൽപ്പെടുകയും ആയത് പരിശോധിച്ച് ടി ഇനത്തിൽ ചെലവഴിച്ച തുക തിരികെ ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാ കാലങ്ങളിൽ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എന്തൊക്കെ സംവിധാ നങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തുന്ന തിനുള്ള സംവിധാനമേതെന്നും വ്യക്ത മാക്കുമോ? | (സി) | ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിന് ഓരോ ജില്ലയിലും ഓരോ നൂൺമീൽ സൂപ്പർവൈസർമാരെയും എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലും ഓരോ നൂൺമീൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. അവർ ഓരോ മാസവും നിശ്ചിത സ്കൂളുകളിൽ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകുന്നു. സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പ് സംബന്ധിച്ച് ഉണ്ടാകുന്ന ആക്ഷേപങ്ങൾ മേൽ ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ തീർപ്പുകൽപ്പി ക്കുന്നതുമാണ്. സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിനു വിദ്യാഭ്യാസ ഉപഡയറക്ടർ / ജില്ലാ വിദ്യാഭ്യാസ ഓഫീസർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**